# വായ്പാ സംബന്ധമായ അച്ചടക്കം പാലിക്കൂ

ധനകാര്യ സാക്ഷരതാ വാരം
ജൂൺ 5–9, 2017

## ബുദ്ധിപൂർവ്വം വായ്പ എടുക്കുക

തിരിച്ചടയ്ക്കാനുള്ള കഴിവിനുള്ളിൽ നിന്നു മാത്രം വായ്പ എടുക്കുക. വരുമാനമുണ്ടാക്കുന്നതും മൂല്യം വർദ്ധിപ്പിക്കുന്നതുമായ ആസ്തികളിൽ മാത്രം നിക്ഷേപിക്കുക.

വായ്പയുടെ ചില നല്ല ഉദാഹരണങ്ങൾ

- വീടു വാങ്ങാനായി മോർട്ട്ഗേജ് വായ്പ
- മക്കളുടെ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള വിദ്യാഭ്യാസ വായ്പ **(https://www.vidyalakshmi.co.in)**
- നിങ്ങളുടെ വ്യാപാര സംബന്ധമായ സ്വപ്നങ്ങൾ സഫലമാക്കാനുള്ള സൂക്ഷ്മ അല്ലെങ്കിൽ ചെറുകിട ബിസിനസ്സ് വായ്പ

  ഉദ്യമി മിത്ര പോർട്ടൽ സന്ദർശിക്കുക

  **(https://udyamimitra.in)**



## വായ്പ എടുത്തു കഴിഞ്ഞാൽ

- തിരിച്ചടവ് തവണകൾ ഒന്നും മുടക്കരുത്
- തിരിച്ചടവ് താമസിക്കുമ്പോൾ അതു നിങ്ങളുടെ വായ്പാ ചരിത്രത്തേയും ക്രെഡിറ്റ് സ്കോറിനേയും (വായ്പാ നിലവാരത്തേയും) പ്രതികൂലമായി ബാധിക്കുന്നു
- തിരിച്ചടവിന് താമസം വന്നാൽ നിങ്ങളുടെ ബാങ്കിനെ അറിയിക്കുക
- കൃത്യ സമയത്തുതന്നെ വായ്പ തിരിച്ചടയ്ക്കുക. അതു നിങ്ങൾക്ക് നല്ല വായ്പാ ചരിത്രം സൃഷ്ടിക്കും

## ക്രെഡിറ്റ് സ്കോറുകൾ

നിങ്ങളുടെ വായ്പ സംബന്ധമായ ഇടപാടുകളിൽ നിന്നുണ്ടാവുന്ന അനുഭവവും മറ്റ് പ്രസക്ത ഘടകങ്ങളും കണക്കിലെടുത്ത് നിങ്ങൾക്ക് ഒരു ക്രെഡിറ്റ് സ്കോർ ലഭിക്കുന്നു. മുന്തിയ സ്കോർ ലഭിച്ചുവെന്നാൽ നിങ്ങൾ കൂടുതൽ വായ്പാ വിശ്വസനീയത നേടുന്നു എന്നാണ് അർത്ഥം. ഉയർന്ന വായ്പാ വിശ്വസനീയത നിങ്ങൾക്ക് വായ്പ ലഭിക്കുവാനുള്ള സാധ്യത മെച്ചപ്പെടുത്തുന്നു.




## സൗജന്യ ക്രെഡിറ്റ് റിപ്പോർട്ട്

വായ്പാ ചരിത്രമുള്ള ഒരാൾക്ക്, ക്രെഡിറ്റ് സ്കോറുകളുൾപ്പെടെ ഒരു സൗജന്യ സമ്പൂർണ്ണ ക്രെഡിറ്റ് റിപ്പോർട്ട് **(FFCR)** വർഷാവർഷം (ജനുവരി – ഡിസംബർ), ഇനി പറയുന്ന ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളിൽ ഒന്നിൽ നിന്നും ലഭിക്കും.

1. ട്രാൻസ് യൂണിയൻ ക്രെഡിറ്റ് ഇൻഫർമേഷൻ ബ്യൂറോ (ഇൻഡ്യ) ലിമിറ്റഡ്
2. ഇക്വിഫാക്സ് ക്രെഡിറ്റ് ഇൻഫർമേഷൻ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്
3. എക്സ്പീരിയൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനി ഓഫ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്
4. സി ആർ ഐ എഫ് ഹൈമാർക്ക് ക്രെഡിറ്റ് ഇൻഫർമേഷൻ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്

ധനകാര്യ സാക്ഷരത ● സമൃദ്ധിയിലേക്കുള്ള പാത

**ECD**

ഫിനാൻഷ്യൽ ഇൻക്ലൂഷൻ & ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്
ഭാരതീയ റിസർവ് ബാങ്ക്
**www.rbi.org.in**